**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3513** **26-10-2021 - ൽ മറുപടിയ്ക്ക്**

**വ്യത്യസ്ത സർവ്വകലാശാലകളിലെ ബിരുദാനന്തരബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഒരാൾക്ക് ഒരേ വിഷയത്തിൽ രാജ്യത്തെ വ്യത്യസ്ത സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്ത വർഷങ്ങളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ചെയ്യുന്നതിന് തടസ്സങ്ങളുണ്ടോ എന്ന് അറിയിക്കാമോ; | (എ) | രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് യു.ജി.സി യുടെ Regulation for PG Programmes ന് അനുസൃതമായിട്ടാണ്. വ്യത്യസ്ത സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്ത വർഷങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ചെയ്യുന്നതിന് തടസ്സമായി എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതു നിയമമൊന്നും നിലവിലില്ല. മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 30, വകുപ്പ് 5 പ്രകാരം താഴെപ്പറയും പ്രകാരം വിധം നിഷ്കർഷിക്കുന്നു. “No candidate who has already been awarded a degree and has been given him diploma shall be awarded the same degree for a second time” ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പുതുക്കിയ OBTLE അധിഷ്ഠിത ബിരുദാനന്തര ബിരുദ കോഴ്സ്റഗുലേഷനിൽ "No person shall be eligible for admission to a P.G. Programme if she/he is currently on the roll for a P.G. Programme in another subject/discipline offered in the University. No student shall be eligible to join a PG Programme if that the student has already attended a PG Programme before, In any of the Universities/Colleges in Kerala including SSUS, in regular stream" എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഡാൻസ്, മ്യൂസിക്, ഫൈൻ ആർട്സ്, തീയേറ്റർ എന്നി വകുപ്പുകളിൽ പ്രവേശനത്തിന്, പ്രസ്തുത റഗുലേഷനിൽ ഇളവ് നൽകാൻ തിരുമാനമായിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് ഏതെങ്കിലും ഉത്തരവുകളോ, സർക്കുലറുകളോ, മാർഗ നിർദ്ദേശങ്ങളോ | (ബി) | രാജ്യത്തെ വിവിധ സർവ്വകലാശാലകളിൽ ബിരുദാനന്തരബിരുദ കോഴ്സുകൾ ചെയ്യുന്നതിനുള്ള |

| | | | |
|---|---|---|---|
| | നിലവിലുണ്ടോ ; വിശദമാക്കാമോ ? | | മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നത് യു.ജി.സി യുടെ Regulation for PG Programmes ന് അനുസൃതമായിട്ടാണ്. വ്യത്യസ്ത സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്ത വർഷങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ചെയ്യുന്നതിന് തടസ്സമായി എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതു നിയമമൊന്നും നിലവിലില്ല. മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 30, വകുപ്പ് 5 പ്രകാരം താഴെപ്പറയും പ്രകാരം വിധം നിഷ്കർഷിക്കുന്നു. "No candidate who has already been awarded a degree and has been given him diploma shall be awarded the same degree for a second time" ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പുതുക്കിയ OBTLE അധിഷ്ഠിത ബിരുദാനന്തര ബിരുദ കോഴ്സ്റഗുലേഷനിൽ "No person shall be eligible for admission to a P.G. Programme if she/he is currently on the roll for a P.G. Programme in another subject/discipline offered in the University. No student shall be eligible to join a PG Programme if that the student has already attended a PG Programme before, In any of the Universities/Colleges in Kerala including SSUS, in regular stream" എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഡാൻസ്, മ്യൂസിക്, ഫൈൻ ആർട്സ്, തീയേറ്റർ എന്നി വകുപ്പുകളിൽ പ്രവേശനത്തിന്, പ്രസ്തുത റഗുലേഷനിൽ ഇളവ് നൽകാൻ തിരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ